**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 381** **16-09-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിലും മറ്റ് പദ്ധതികൾ ഏറ്റെടുക്കുന്നതിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് ആധാരമായ സാഹചര്യം വിശദമാക്കുമോ; | (എ) | ആരോഗ്യസ്ഥാപനങ്ങളിൽ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയോഗിക്കുന്നത് ആരോഗ്യവകുപ്പ് നിശ്ചയിച്ചിട്ടുള്ള സ്റ്റാന്റേർഡ് ഗൈഡ്‌ലൈനിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ ആർദ്രം മിഷന്റെ ഭാഗമായി, ഇപ്രകാരം ആരോഗ്യവകുപ്പ് നിയമിച്ചിട്ടുള്ള സ്റ്റാഫിന് ഉപരിയായി, ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ഡോക്ടർമാരുടെ സേവനം ആവശ്യമായി വരുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ട് ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും, കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയോഗിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിരുന്നു. ഇത് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ സബ്സിഡി-ധനസഹായ മാർഗരേഖ (സ.ഉ(കൈ)നം. 115/2022/തസ്വഭവ; തീയതി 28.05.2022) ഖണ്ഡിക 7.6.2 പ്രകാരം പതിനാലാം പദ്ധതിയുടെ ഭാഗമായി തുടർന്ന് നിലനിർത്തുകയുണ്ടായി. എന്നാൽ പാരാമെഡിക്കൽ സേവനം നൽകുന്നതിന് എത്രപേരെ നിയോഗിക്കാം എന്ന കാര്യത്തിൽ വ്യക്തത ആവശ്യമുണ്ടെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഈ വിഷയം പരിശോധിച്ച് 25.10.2023ലെ ഡി.എ1/363/2023/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗരേഖ വ്യവസ്ഥകളിൽ കൂടുതൽ വ്യക്തത വരുത്തുകയാണ് ചെയ്തിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ നിയോഗിക്കാവുന്ന ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എണ്ണം 2 വീതവും, കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിയോഗിക്കാവുന്ന ഡോക്ടറുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും |

| | | | |
|---|---|---|---|
| | | | എണ്ണം ഒന്ന് വീതവും ആണ് എന്ന് വിശദീകരണം നൽകിയിട്ടുണ്ട്. പാരാമെഡിക്കൽ സ്റ്റാഫിനെ സംബന്ധിച്ച് നേഴ്സ് / ഫാർമസിസ്റ്റ് / ലാബ് ടെക്നീഷ്യൻ എന്നീ വിഭാഗങ്ങളിൽ ഏത് വിഭാഗക്കാരെ നിയോഗിക്കണമെന്ന് മെഡിക്കൽ ആഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് തീരുമാനമെടുക്കാവുന്നതുമാണ്. |
| (ബി) | പല ആരോഗ്യ സ്ഥാപനങ്ങളും ജനോപകാരപ്രദമായ രീതിയിലും മികച്ച സേവനങ്ങളോടെയും പ്രവർത്തിപ്പിക്കുന്നതിന് ഈ സർക്കുലർ തടസ്സമായിട്ടുണ്ടെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിരവധി ചുമതലകൾ കൈമാറിയിട്ടുണ്ട്. ഈ ചുമതലകൾ നിറവേറ്റുന്നതിന് നൽകുന്ന വികസന ഫണ്ടിൽ നിന്നുമാണ് ഫണ്ട് കണ്ടെത്തുന്നത്. ആവർത്തന സ്വഭാവമുള്ള വേതനം നൽകുന്നത് പോലെ, ഒരു മേഖലയ്ക്ക് മാത്രമായി കൂടുതൽ തുക നീക്കിവയ്ക്കുന്നത് മറ്റ് വികസന മേഖലകളെ ബാധിക്കുന്നതിന് കാരണമാകും. ആരോഗ്യസ്ഥാപനങ്ങളിലെ സന്ദർശകരുടെ എണ്ണത്തിന്റെ (ഫൂട്ട് ഫാൾ) കൂടി അടിസ്ഥാനത്തിൽ കൂടുതൽ ജീവനക്കാരെ ആവശ്യമുണ്ടെങ്കിൽ അതനുസരിച്ച് പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് ആരോഗ്യ വകുപ്പാണ്. അതത് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾക്കും നിയമാനുസൃത നടപടികൾ സ്വീകരിക്കാം.<br><br>തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ, അവ ഓരോന്നും പരിശോധിച്ച് കൂടുതൽ ജീവനക്കാരെ ആവശ്യമുണ്ടെങ്കിൽ അതനുസരിച്ച് പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള വ്യവസ്ഥകളും 25.10.2023ലെ ഡി.എ1/363/2023/ തസ്വഭവ നമ്പർ സർക്കുലറിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. |
| (സി) | എങ്കിൽ പൊതുതാത്പര്യത്തിന് വിരുദ്ധമായ പ്രസ്തുത സർക്കുലറിൽ ആവശ്യമായ ഭേദഗതി വരുത്താൻ സർക്കാർ സന്നദ്ധമാകുമോ? | (സി) | അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിരവധി ചുമതലകൾ കൈമാറിയിട്ടുണ്ട്. ഈ ചുമതലകൾ നിറവേറ്റുന്നതിന് നൽകുന്ന വികസന ഫണ്ടിൽ നിന്നുമാണ് ഫണ്ട് കണ്ടെത്തുന്നത്. ആവർത്തന സ്വഭാവമുള്ള വേതനം നൽകുന്നത് പോലെ, ഒരു മേഖലയ്ക്ക് മാത്രമായി കൂടുതൽ തുക നീക്കിവയ്ക്കുന്നത് മറ്റ് വികസന മേഖലകളെ ബാധിക്കുന്നതിന് കാരണമാകും. ആരോഗ്യസ്ഥാപനങ്ങളിലെ സന്ദർശകരുടെ എണ്ണത്തിന്റെ (ഫൂട്ട് ഫാൾ) കൂടി അടിസ്ഥാനത്തിൽ കൂടുതൽ ജീവനക്കാരെ ആവശ്യമുണ്ടെങ്കിൽ അതനുസരിച്ച് പ്രസ്തുത സ്ഥാപനങ്ങളിൽ |

| | | | |
|---|---|---|---|
| | | | ആവശ്യമായ ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് ആരോഗ്യ വകുപ്പാണ്. അതത് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾക്കും നിയമാനുസൃത നടപടികൾ സ്വീകരിക്കാം.<br><br>തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ, അവ ഓരോന്നും പരിശോധിച്ച് കൂടുതൽ ജീവനക്കാരെ ആവശ്യമുണ്ടെങ്കിൽ അതനുസരിച്ച് പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള വ്യവസ്ഥകളും 25.10.2023ലെ ഡി.എ1/363/2023/ തസ്വഭവ നമ്പർ സർക്കുലറിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ